## നികുതിയിളവ്

172 (518) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നികുതിയിളവ് നൽകിയതു വഴി സംസ്ഥാന ഖജനാവിനു എത്ര രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം ഇനങ്ങൾക്കാണ് നികുതിയിളവുകൾ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ഇളവുകൾമൂലം ഉപഭോക്താക്കൾക്ക് ഏതെങ്കിലും രീതിയിലുള്ള ഗുണം ലഭിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ഡി) അരിയുടെ നികുതി ഒഴിവാക്കിയതുമൂലം ഖജനാവിലേക്കു എത്ര രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) ഇതിന്റെ ഗുണഫലം ഉപഭോക്താക്കൾക്ക് ലഭ്യമാകാത്തത് പരിശോധിച്ചിട്ടുണ്ടോ ;

(എഫ്) സ്വർണ്ണത്തിന്റെ കോമ്പൗണ്ടിങ്ങ് നികുതി എത്ര ശതമാനമാക്കിയാണ് കുറച്ചിട്ടുള്ളത് ; ഇതിന് മുൻകാല പ്രാബല്യം നൽകി ഉത്തരവിറക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ?

### ഉത്തരം

(എ) ബഡ്ജറ്റ് വഴി വാണിജ്യ നികുതി ഇനത്തിൽ നൽകിയ നികുതി ഇളവുകൾ താഴെപ്പറയും പ്രകാരമാണ് :

| | |
|---|---|
| 2011-12 | 25 ലക്ഷം |
| 2012-13 | 321.4 കോടി |
| 2013-14 | 67.78 കോടി |
| 2014-15 | 125.55 കോടി |

മറ്റ് വകുപ്പുകളിൽ നിന്നുള്ള വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഡ്ജറ്റ് പ്രഖ്യാപനങ്ങളുടെ അടിസ്ഥാനത്തിൽ കേരള ധനകാര്യ നിയമം മുഖേന വാറ്റ്, കെ.ജി.എസ്.റ്റി., ലക്ഷ്വറി ടാക്സ്, സ്റ്റാമ്പ് ആക്ട്, കോർട്ട് ഫീ ആക്ട്, കാർഷികാദായ നികുതി നിയമങ്ങളിൽ നൽകിയിട്ടുള്ള പ്രധാന ഇളവുകൾ അനുബന്ധം എ ആയി ചേർക്കുന്നു.*

(സി) 2011-12-ൽ കേന്ദ്ര സർക്കാർ വളത്തിന്റെ സബ്സിഡി എടുത്തു കളഞ്ഞപ്പോൾ സംസ്ഥാന സർക്കാർ വളത്തിന്മേലുള്ള നികുതി വേണ്ടെന്നുവച്ചു എന്നാൽ വളത്തിന്റെ വില സബ്സിഡി എടുത്തുകളഞ്ഞതുമൂലം മൂന്നിരട്ടിയായി വർദ്ധിക്കുകയാണുണ്ടായത്. ഇതുമൂലം കാർഷിക വിളകളുടെ വില ഇരട്ടിയോളം വർദ്ധിക്കുകയാണുണ്ടായത്. ഇതിന് ഉപഭോക്താക്കൾക്ക് ഇളവ് നൽകുന്നതിലേയ്ക്കായി അരിയുടെ നികുതി വേണ്ടെന്ന് വയ്ക്കുകയും മറ്റ് ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ നികുതി 4 ശതമാനത്തിൽനിന്ന് ഒരു ശതമാനമായി കുറയ്ക്കുകയും ചെയ്തു. ഈ നികുതി ഇളവിന്റെ പ്രയോജനം ഉണഭോക്താക്കൾക്ക് ലഭിച്ചിട്ടുണ്ട്.

(ഡി) 1-4-2013 മുതലാണ് അരിയെ നികുതി വിമുക്തമാക്കിയിട്ടുള്ളത്. ഇതുമൂലം 50 കോടിയോളം രൂപയുടെ വരുമാന നഷ്ടമാണ് പ്രതീക്ഷിച്ചിരുന്നത്.

(ഇ) വളം സബ്സിഡി കേന്ദ്രസർക്കാർ നിർത്തലാക്കിയതോടുകൂടി വളത്തിന്റെ വില ക്രമാതീതമായി ഉയരുകയും ഇതുമൂലം നെല്ലുൽപ്പാദന ചെലവ് ക്രമാതീതമായി വർദ്ധിക്കുകയാണുണ്ടായത്. കൂടാതെ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന നെല്ല് കിലോയ്ക്ക് 19 രൂപ നിരക്കിൽ സംസ്ഥാന സർക്കാർ സംഭരിക്കുകയും അത് കുത്തി അരിയാക്കി ട്രാൻസ്പോർട്ടിംഗ് ചാർജ്ജും മറ്റ് ചെലവുകളും ഉൾപ്പെടുമ്പോൾ മാർക്കറ്റിൽ അരിയുടെ വില 45 രൂപ വരെ വരുന്നു. അതുകൊണ്ട് അരി ബി.പി.എൽ-കാർക്ക് കിലോയ്ക്ക് ഒരു രൂപ നിരക്കിലും മറ്റുള്ളവർക്ക് 9 രൂപയ്ക്കുമാണ് സർക്കാർ റേഷൻ കടകൾവഴി വിതരണം ചെയ്യുന്നത്. ഇതിൽ ഉണ്ടാകുന്ന നഷ്ടം സർക്കാർ വഹിക്കുകയാണ്. അതിനാൽ അരിയുടെ നികുതി കുറച്ചതുകൊണ്ടുള്ള പ്രയോജനം ഉപഭോക്താക്കൾക്ക് ലഭിക്കുന്നുണ്ട്.

(എഫ്) കോമ്പൗണ്ടിംഗ് നികുതിയിൽ നിന്നുള്ള വരുമാനത്തിന്റെ 95 ശതമാനത്തോളം അടയ്ക്കുന്നത് ഒരു കോടി രൂപയ്ക്ക് മുകളിൽ വിറ്റുവരവ് ഉള്ളവരാണ്. അവർ അടയ്ക്കേണ്ടിയിരുന്നത് മുൻ വർഷം അടച്ച നികുതിയുടെ 125% ആയിരുന്നു. 2014-15 ലെ ബഡ്ജറ്റിൽ സ്വർണ്ണ വ്യാപാരികളെ തുടർച്ചയായി 3 വർഷം, 5 വർഷം എന്നീ കാലയളവുകൾക്ക് മുകളിൽ കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ തുടരുന്നവർ എന്ന് തരംതിരിച്ച് അവർക്ക് താഴെ സൂചിപ്പിച്ചിരിക്കുന്ന പ്രകാരം കുറഞ്ഞ നിരക്കുകൾ അടച്ചാൽ മതിയാകുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

| കഴിഞ്ഞവർഷത്തെ മൊത്ത വിറ്റ് വരവ് | അഞ്ച് കൊല്ലത്തിൽ കൂടുതൽ തുടർച്ചയായി കോമ്പൗണ്ടിംഗ് നികുതി അടയ്ക്കുന്നവർ | മൂന്ന്കൊല്ലത്തിൽ കൂടുതൽതുടർച്ചയായി കോമ്പൗണ്ടിംഗ് നികുതി അടയ്ക്കുന്നവർ | മൂന്നോ അതിൽ താഴെയോ വർഷം കോമ്പൗണ്ടിംഗ് നികുതി അടയ്ക്കുന്നവർ |
|---|---|---|---|
| 10 ലക്ഷത്തിന് മുകളിൽ 40 ലക്ഷം വരെ | കഴിഞ്ഞവർഷം അടച്ച നികുതിയുടെ 103 ശതമാനം | കഴിഞ്ഞ വർഷം അടച്ച നികുതിയുടെ 104 ശതമാനം | കഴിഞ്ഞ വർഷം അടച്ച നികുതിയുടെ 105 ശതമാനം |
| 40 ലക്ഷത്തിന് മുകളിൽ ഒരു കോടി വരെ | കഴിഞ്ഞ വർഷം അടച്ച നികുതിയുടെ 109 ശതമാനം | കഴിഞ്ഞ വർഷം അടച്ച നികുതിയുടെ 112 ശതമാനം | കഴിഞ്ഞ വർഷം അടച്ച നികുതിയുടെ 115 ശതമാനം |
| ഒരു കോടിക്കു മുകളിൽ | കഴിഞ്ഞവർഷം അടച്ച നികുതിയുടെ 115 ശതമാനം | കഴിഞ്ഞ വർഷം അടച്ച നികുതിയുടെ 120 ശതമാനം | കഴിഞ്ഞ വർഷം അടച്ച നികുതിയുടെ 125 ശതമാനം |

ഈ ഭേദഗതിക്ക് 1-4-2013 മുതൽ മുൻകാല പ്രാബല്യം നൽകിയിട്ടുണ്ട്.

## സംസ്ഥാനത്തെ നികുതി കുടിശ്ശിക

173 (519) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ ആകെയുള്ള നികുതി കുടിശ്ശിക എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ ; ഇതിൽ കോടതി നടപടികൾ, സർക്കാർ നൽകിയ സ്റ്റേ, എന്നിവ മൂലം കുടിശ്ശികയായ തുകയുടെ ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) ബജറ്റിനൊപ്പം നിയമസഭയിൽ സമർപ്പിച്ച പ്രകാരം നികുതി കുടിശ്ശിക എത്രയാണെന്നും ഇതിൽ എന്ത് തുക പിരിച്ചെടുത്തു എന്നും വ്യക്തമാക്കുമോ ;

(സി) പിരിഞ്ഞുകിട്ടുവാനുള്ള കുടിശ്ശിക എത്രയാണെന്നും ഇത് ഏതെല്ലാം വകുപ്പുകളിൽ നിന്നുമാണ് കിട്ടേണ്ടതെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ലക്ഷ്യമിട്ടിരുന്ന നികുതിവരുമാനം എത്രയായിരുന്നെന്നും ഈ ഇനത്തിൽ എത്രകോടി രൂപ ലഭ്യമായെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly